ഹയർസെക്കണ്ടറി വിദ്യാഭ്യാസ

ഡയറകട്റുടെ കാര്യാലയം

ഹൗസിങ് ബോർഡ് ബിൽഡിംഗ്

തിരുവനന്തപുരം-1

നംബർ. ICT Cell/1771/5/HSE/2019 06/07/2019

# സർക്കുലർ

**വിഷയം:** സംസ്ഥാനത്തെ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്രിൻസിപ്പൾമാരുടെ സർവ്വീസ് വിവരങ്ങൾ സമർപ്പണം സംബന്ധിച്ച നിർദ്ദേശങ്ങൾ.

**സൂചന:** : 1) ഇതേ നമ്പറിൽ ജൂൺ 29 ലെ സർക്കുലർ

സൂചന സർക്കുലറിലൂടെ സംസ്ഥാനത്തെ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലെ(റെസിഡെൻഷ്യൽ/സ്പെഷ്യൽ ഉൾപ്പടെ) നിലവിൽ ജോലി ചെയ്യുന്ന പ്രിൻസിപ്പൾമാരുടെ സേവന വിവരങ്ങൾ 02/07/2019 ന് മുമ്പായി സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു. പ്രിൻസിപ്പൾമാരുടെ ജോലിഭാരത്തെ സംബന്ധിച്ച് സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ അടിയന്തിരമായി സമർപ്പിക്കുന്നതിനായി നേരത്തെ സമർപ്പിക്കപ്പെട്ട വിവരങ്ങൾക്ക് പുറമേ ചില അധിക വിവരങ്ങൾ കൂടെ സമർപ്പിക്കുന്നതിനായി നിർദ്ദേശം നൽകുന്നു.സർക്കാർ സ്കൂളുകൾക്ക് പുറമേ എയിഡഡ് സ്കൂൾ പ്രിൻസിപ്പൾമാരും(സ്പെഷ്യൽ/റെസിഡെൻഷ്യൽ ഉൾപ്പടെ)അഡ്മിഷൻ വെബ്സൈറ്റായ **www.hsacap.kerala.gov.in** ൻെറ **Admin** യൂസറിൽ ലഭ്യമാക്കിയിട്ടുള്ള **"Principal Details Entry"** ലിങ്കിലൂടെ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ 12/07/2019ന് വൈകിട്ട് 5 മണിയ്ക്ക് മുമ്പായി സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം സമർപ്പിക്കുന്ന വിവരങ്ങളുടെ ആധികാരിത സംബന്ധിച്ച പൂർണ്ണ ഉത്തരവാദിത്വം അതത് പ്രിൻസിപ്പൾമാരിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.സമയബന്ധിതമായി സർവ്വീസ് വിവരങ്ങൾ സമർപ്പിക്കാത്ത പ്രിൻസിപ്പൾമാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

ജോയിൻറ് ഡയറക്ടർ(അക്കാദമിക്)